LIBRARY ARCHIVES Kerala Legislative Assembly

കോവളം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

229 (826) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തിയ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) 2008-09, 2009-10-ൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും തുക എത്ര വീതം എന്നും അറിയിക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്തതും വർഷങ്ങളായി യാതൊരുവിധ നിർമ്മാണവും നടത്താത്തതുമായ ഉച്ചക്കട-സിസിലിപുരം റോഡ്, മുള്ളുമുക്ക്-വെങ്ങാനൂർ റോഡ്, അമ്പലത്തുംമൂല കുരിശ്ശടി-കരുംകുളം റോഡ്, വണ്ടിത്തടം-പാലപ്പൂര് റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണി ആരംഭിച്ചു.

(ബി) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്നു. മൊത്തം അടങ്കൽ തുക 33.45 കോടി രൂപയാണ്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 1, അനുബന്ധം 2, എന്നിവയിൽ കൊടുത്തിട്ടുണ്ട്.*

(സി) പരിഗണിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ

230 (827) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്നും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും അവ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. *

ആലുവ മണ്ഡലത്തിലെ പദ്ധതികൾക്ക് ഭരണാനുമതി

231 (828) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലുവ മണ്ഡലവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ആലുവ മണ്ഡത്തിലെ 2010-11 വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പദ്ധതികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ ഗസ്റ്റ് ഹൗസ് മന്ദിരത്തിന്റെ പണികൾക്കായി 688 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ടൂറിസം വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 18 പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിയെടുത്തു വരുന്നു.

പട്ടാമ്പി നിയോജക മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

232 (829) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ പി.ഡബ്ലിയു.ഡി റോഡുകളുടെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly